(3) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. എഴുകോൺ നാരായണൻ: സംസ്ഥാനത്തെ കശുവണ്ടി വികസന കോർപ്പറേഷന്റെ 31 ഫാക്ടറികൾ കഴിഞ്ഞ മൂന്ന് വർഷങ്ങളായി അടഞ്ഞു കിടക്കുകയാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന 27,000-ത്തോളം തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും പട്ടിണിയിലാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ അടിയന്തിരമായി തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട എഴുകോൺ നാരായണന്റെ അതേ സ്പിരിറ്റുതന്നെയാണ് ഗവൺമെന്റിനുമുള്ളത്. ഗവൺമെന്റ് എന്ത് ചെയ്തിട്ടും ഇത് പ്രവർത്തിപ്പിക്കുവാൻ പറ്റുന്നില്ല. കാരണം 10 കോടി രൂപ പിന്നെയും കൊടുത്തു. അതുപോലെതന്നെ ഇടക്കാലത്ത് പിന്നെയും കുറെ കാശ് കൊടുത്തു. പക്ഷെ, വീണ്ടും 19 കോടി രൂപ കൂടി കൊടുത്താലേ ബാങ്കുകൾ ലോൺ സാങ്ഷൻ ചെയ്യൂ എന്നാണ് പറയുന്നത്. ചെലവ് ചുരുക്കാനുള്ള നടപടികളിൽ തൊഴിലാളി യൂണിയന്റെ നേതാക്കന്മാർ സഹകരിക്കണം. എന്നാൽ മാത്രമേ കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികൾ തുറക്കാൻ പറ്റൂ. ഏതായാലും തുറക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റിന്റെ വിശ്വാസം.

(4) വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: വടക്കാഞ്ചേരിയിൽ സ്റ്റേറ്റ് ഹൈവേയിൽ ധാരാളം ഗതാഗതക്കുരുക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന റെയിൽവേ ഗേറ്റ് ഒഴിവാക്കി മേൽപ്പാലം പണിയുന്നതിന് വേണ്ടിയുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ട് വർഷങ്ങളായി. മേൽപ്പാലം പണിക്ക് ആവശ്യമായ ഡെപ്പോസിറ്റ് സംഖ്യ സംസ്ഥാന സർക്കാർ കെട്ടി വയ്ക്കാത്തതുകൊണ്ട് അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ട് വർഷങ്ങളായിട്ടും പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതുകൊണ്ട് വലിയ പ്രയാസങ്ങൾ ഉണ്ടാവുകയാണ്. ഈ മന്ത്രിസഭയിലെ ഇടക്കാലത്ത് ഉണ്ടായിരുന്ന ഒരു മന്ത്രി മേൽപ്പാലം നിർമ്മാണത്തിന് ആവശ്യമായ ഡപ്പോസിസ്റ്റ് സംഖ്യ കെട്ടിവയ്ക്കാൻ തീരുമാനമായിട്ടുണ്ടെന്നും അടിയന്തിരമായും പണി തുടങ്ങാൻ തീരുമാനമായിയെന്നും വടക്കാഞ്ചേരിയിലെ ജനങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നതാണ്. ഈ ഗേറ്റ് ഇങ്ങനെ അടഞ്ഞുകിടക്കുന്നതുകൊണ്ട് മലബാർ മേഖലയിൽ നിന്നുള്ള യാത്രക്കാർക്ക്, പ്രത്യേകിച്ച് തൃശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന രോഗികൾക്ക് വളരെ ബുദ്ധിമുട്ടാണ്. ഡബിൾ ലൈൻ ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടുള്ളതാണ്. മിക്കവാറും സമയം വടക്കാഞ്ചേരി പട്ടണത്തിനോടും, താലൂക്ക് ആസ്ഥാനത്തിനോടും ചേർന്നു

LIBRARY ARCHIVES Kerala Legislative Assembly